172.7 ടൺ അടയ്ക്ക സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വില 84,47,370 രൂപയും സബ്സിഡി തുക 17,14,420 രൂപയുമാണ്. ഇത് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 27-2-05 വരെ 201 കർഷകരിൽ നിന്ന് 5,03,480 രൂപ വില വരുന്ന 107.70 ലക്ഷം ടൺ അടയ്ക്ക സംഭരിച്ചുവെങ്കിലും സബ്സിഡി തുകയായ 10,66,778 രൂപ ഫണ്ടിന്റെ കുറവുമൂലം കൊടുത്തിട്ടില്ല. അതിന് ചെക്ക് കൊടുത്തിട്ടുണ്ട്. 3 കോടി രൂപ ഫണ്ട് കൊടുക്കണമെന്ന് കാംപ്കോ ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് അതിന് നടപടി എടുത്തുവരികയാണ്. മെമ്പർ പറഞ്ഞ സബ്സിഡി അലവൻസിന്റെയും പലിശ ഇളവിന്റെയും കാര്യം കൃഷിക്കാരെ മൊത്തത്തിൽ ബാധിക്കുന്നതാണ്. മറ്റ് പ്രശ്നങ്ങൾ ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ വിശദീകരിക്കുന്നതാണ്.

(3) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുപുഴപഞ്ചായത്തിലെ ആറാട്ടുകടവിൽ കൈവശ കൃഷിക്കാരെ ഒഴിപ്പിക്കാൻ കർണ്ണാടക വനംവകുപ്പ് അധികൃതർ നടത്തിവരുന്ന ശ്രമങ്ങൾ

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുപുഴ പഞ്ചായത്തിലെ കർണാടക അതിർത്തിയിൽപെട്ട ആറാട്ടുകടവ് പ്രദേശത്ത് കഴിഞ്ഞ 60 വർഷത്തിലേറെക്കാലമായി താമസിക്കുകയും ചമയങ്ങൾ വച്ച് പിടിപ്പിച്ച് ജീവിച്ചുവരികയും ചെയ്യുന്ന എഴുപതോളം കുടുംബങ്ങളെ കർണ്ണാടക സർക്കാർ കുടിയിറക്കു ഭീഷണിയിൽപ്പെടുത്തി നോട്ടീസ് കൊടുത്ത് നമ്പർ പതിപ്പിക്കാനുള്ള ശ്രമത്തിലാണ്. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് കേരള സംസ്ഥാനം രൂപീകരിക്കപ്പെടുന്നതിനു മുൻപ് കർണ്ണാടക സർക്കാരുമായി ഉണ്ടാക്കിയ കരാറെന്നു പറഞ്ഞുകൊണ്ടാണ് ഈ കുടിയിറക്കിന് ശ്രമിക്കുന്നത്. ഇവിടെ എത്രയോ തലമുറയായി ജീവിച്ചുവരുന്നവരാണ്. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നത്തിൽ സംസ്ഥാന സർക്കാർ ഇടപെടണം. ഇവിടെ താമസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും അവിടെ താമസിക്കാൻ ആവശ്യമായ സംരക്ഷണം സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കണ്ണൂർ ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ പുളിക്കൽ വില്ലേജിൽ റീസർവ്വേ 124(2)-ൽപ്പെട്ട 65 ഏക്കർ സ്ഥലം വില്ലേജ് (എ) രജിസ്റ്റർ പ്രകാരവും 17-2-1937-ലെ മദ്രാസ് ഗവൺമെന്റിന്റെ ജി.ഒ.എം.എസ്. 390 റവന്യൂ പ്രകാരവും കൂർഗ് ഫോറസ്റ്റ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സ്ഥലത്ത് 17 ഷെഡ്യൂൾഡ് കാസ്റ്റ് കുടുംബങ്ങൾ ഉൾപ്പെടെ 30 കുടുംബങ്ങൾ 25 വർഷമായി വീട് വച്ച് താമസിച്ച് വരുന്നതായി അറിയുന്നു. പ്രസ്തുത താമസക്കാർക്ക് പട്ടയമോ മറ്റ് കൈവശ രേഖകളോ ഇല്ല. പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് കർണാടക സർക്കാർ നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയതായി അറിയുന്നു. ഈ വിഷയത്തിൽ ഗവൺമെന്റ് ആത്മാർത്ഥമായിട്ട് ഒരു കാര്യം ചെയ്യാം. കർണ്ണാടക മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും അവരെ ഒഴിപ്പിക്കരുതെന്ന് പറയാം. അവർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കണമെന്നും അല്ലെങ്കിൽ പകരം ഭൂമി കൊടുക്കണമെന്നും മനുഷ്യത്വപരമായി പെരുമാറണമെന്നും പറയാം. ഇന്ന് തന്നെ കർണാടക റവന്യൂ മിനിസ്റ്റർക്ക് ഫാക്സ് ചെയ്യാം. അതുകൊണ്ടും പ്രശ്നം തീരുന്നില്ലെങ്കിൽ കർണാടക ഗവൺമെന്റുമായിട്ട് ഈ വിഷയം ടേക്കപ്പ് ചെയ്യുന്നതിനെപ്പറ്റി പരിശോധിക്കാം.

(4) കൊച്ചി നഗരത്തിലും തൃപ്പൂണിത്തുറ നഗരത്തിലും സമീപ പഞ്ചായത്തിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള തൃപ്പൂണിത്തുറ പദ്ധതിയുടെ പൂർത്തീകരണം

ശ്രീ. കെ. ബാബു: കൊച്ചി നഗരത്തിലും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും സമീപത്തുള്ള പതിനഞ്ചോളം പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. കൊച്ചി നഗരത്തിൽ ആകെ നാലായിരം ലക്ഷം ലിറ്റർ വെള്ളം മാത്രമാണ് വിതരണം ചെയ്യുന്നത്. 1976-ന് ശേഷം ജനസംഖ്യ ലക്ഷക്കണക്കിന് വർദ്ധിച്ചുവെങ്കിലും യാതൊരുവിധ കുടിവെള്ള പദ്ധതിയും കൊച്ചി നഗരത്തിനുവേണ്ടി ഉണ്ടായിട്ടില്ല. 1995-ൽ ആരംഭിച്ച ഹഡ്കോയുടെ സഹായത്തോടെയുള്ള കൊച്ചി കുടിവെള്ള പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. സമീപകാലത്ത് ആരംഭിച്ച തൃപ്പൂണിത്തുറ കുടിവെള്ള പദ്ധതിയും പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് നിലവിലുള്ള പദ്ധതിയനുസരിച്ച് തന്നെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കണം. അതിനുവേണ്ടി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ആറ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടെയുള്ള ഉൽപ്പാദന വിതരണ എമർജൻസി കോ-ഓർഡിനേഷൻ സംവിധാനം ഉണ്ടാക്കണം. അതുപോലെ എമർജൻസി മോണിറ്ററിംഗ് സംവിധാനവും വേണം. ഹഡ്കോ കുടിവെള്ള പദ്ധതി വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികളെടുക്കണം. ആലുവാ മുതൽ പുക്കാട് പടി വരെയും സംസ്കാര ജംഗ്ഷൻ വരെയുമുള്ള പൈപ്പ് ഇടലും ഇതുവരെ നടന്നിട്ടില്ല. ബൈപാസിന് കുറുകെ പൈപ്പ് ഇടാനുള്ള പദ്ധതിയും ഇതുവരെ പൂർത്തിയായിട്ടില്ല. അതുപോലെ മഞ്ഞുമ്മലിൽ താൽക്കാലിക ബണ്ട് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തനക്ഷമമാക്കണം. ഇല്ലെങ്കിൽ ഓർ വെള്ളം കയറി നിലവിലുള്ള കുടിവെള്ളം പോലും മുടങ്ങിപ്പോകാനുള്ള സാധ്യതയും വളരെയേറെയാണ്. കൊച്ചി നഗരത്തിനുവേണ്ടി നിലവിലുള്ള പദ്ധതി വേഗത്തിൽ നടപ്പാക്കുകയും ഹഡ്കോ പദ്ധതിയും, തൃപ്പൂണിത്തുറ പദ്ധതിയും വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടിയും

LIBRARY ARCHIVES Kerala Legislative Assembly